"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവൽസര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2408/2025/LSGD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ )നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ )നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ )നം.90/2023/ തസ്വഭവ; തീയതി 09.04.2023
5. സ.ഉ.(കൈ )നം.164/2024/തസ്വഭവ; തീയതി 25.11.2024
6. സ.ഉ.(സാധാ)നം.1019/2025/തസ്വഭവ; തീയതി 23.04.2025
7. സ.ഉ.(കൈ) നം. 112/2025/തസ്വഭവ; തീയതി 03.07.2025
8. സ.ഉ.(സാധാ)നം.1650/2025/തസ്വഭവ; തീയതി 03.07.2025
9. സ.ഉ.(കൈ) നം.136/2025/തസ്വഭവ; തീയതി 08.08.2025
10. സ.ഉ.(സാധാ) നം.2071/2025/തസ്വഭവ; തീയതി 20.08.2025
11. സ.ഉ.(കൈ) നം. 158/2025/തസ്വഭവ; തീയതി 27.08.2025
12. സ.ഉ.(സാധാ) നം.2203/2025/തസ്വഭവ; തീയതി 14.09.2025
13. സ.ഉ.(സാധാ) നം.2274/2025/തസ്വഭവ; തീയതി 20.09.2025
14. സ.ഉ.(സാധാ) നം.2388/2025/തസ്വഭവ; തീയതി 30.09.2025

**<u>ഉത്തരവ്</u>**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നല്കിക്കൊണ്ട് പരാമർശം (13) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ട അവസാന തീയതി 2025 ഒക്ടോബർ 4 ആണ്.

2. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ ഇനിയും കൂട്ടിച്ചേർക്കലുകൾ ആവശ്യമായി വന്നേക്കാമെന്നതിനാലും പരാമർശം (14) ലെ ഉത്തരവ് പ്രകാരമുള്ള **'വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് - ഇക്കോ സെൻസ്'** പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോജക്ടുകൾ കൂടി 2025-26 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട് എന്നതിനാലും പരാമർശം (13) ഉത്തരവ് പ്രകാരമുള്ള കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടതുണ്ടെന്ന് സർക്കാർ നിരീക്ഷിക്കുകയുണ്ടായി

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (14) ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും **'വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് - ഇക്കോ സെൻസ്"** പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോജക്ടുകൾ കൂടി 2025-26 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിന്റെ കൂടി അടിസ്ഥാനത്തിൽ 2025-26 വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ട അവസാന തീയതി 2025 ഒക്ടോബർ 10 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ. എം) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 04-10-2025 11:14:06

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്